**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **30-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഏത് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടപ്പാക്കുന്നതെന്നും സ്പാർക്ക് മുഖേന നടപ്പിലാക്കുന്നവ ഏതൊക്കെയാണെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>ചുവടെ ചേർക്കുന്ന വകുപ്പുകൾ ഒഴികെ ബാക്കി വകുപ്പുകൾ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട്.<br><br>പുരാവസ്തു, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോളേജ് വിദ്യാഭ്യാസം, ദേശീയസമ്പാദ്യ പദ്ധതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (അദ്ധ്യാപകരുടേത് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പിന്നോക്കവിഭാഗ വികസനം, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, കോ-ഓപ്പറേറ്റീവ് ആഡിറ്റ്, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്, ഇറിഗേഷൻ, ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്, ലാൻഡ് ബോർഡ്, സ്റ്റേറ്റ് ലോട്ടറീസ്, മൈനിംഗ് & ജിയോളജി, മ്യൂസിയം & സൂ, പ്ലാനിംഗ് ബോർഡ്, തുറമുഖം, പ്രിസൺസ് & കറക്ഷണൽ (എക്സിക്യൂട്ടീവ് സ്റ്റാഫ് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വിനോദസഞ്ചാരം, ടൗൺ & കൺട്രി പ്ലാനിംഗ്, ട്രഷറി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യം, നികുതി കമ്മീഷണറുടെ കാര്യാലയം, എക്സൈസ് കമ്മീഷണറുടെ കാര്യാലയം, ക്ഷീര വികസനവകുപ്പ്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് കൊണ്ട് പുറപ്പെടുവിച്ച 25.02.2017 ലെ സ.ഉ(പി )നമ്പർ 3/2017/ഉഭപവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നത് അതത് വകുപ്പുകൾ ആണ്. അതായത് ഓരോ വകുപ്പുകളും |

| | | | |
|---|---|---|---|
| | | | പ്രസ്തുത വകുപ്പിലെ ആവശ്യകതക്കനുസരിച്ചുള്ള സോഫ്റ്റ് വെയറുകളാണ് ഉപയോഗിക്കുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ഓൺലൈൻ സംവിധാനം നടപ്പാക്കാത്ത വകുപ്പുകളിൽ അതിനുള്ള കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ? | (ബി) | സാങ്കേതികമായ കാരണങ്ങളാൽ ഓൺലൈൻ സ്ഥലം മാറ്റം നടത്താൻ കഴിയാത്ത വകുപ്പുകളിൽ അതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ